# ആംഗ്യഭാഷയുമായി ഒരു കൂട്ടുകാരി



● സുഹൈബ ഹംസ, സൗദി അറേബ്യ

നാട്ടിലെ തിമർത്ത് പെയ്യുന്ന മഴയുടെ തണുപ്പിൽ നിന്ന് എ.സിയുടെ വരൾച്ചയിലേക്കായി മാറുകയായിരുന്നു സൗദിയിലെ ജീവിതം. ഒരു നിമിഷം എ.സി ഓഫ് ചെയ്താൽ മുഖത്തേക്കടിക്കുന്ന ചൂടുകാറ്റുള്ള ജിദ്ദയിലെ ശാരാസിത്തീന റോഡിലുള്ള ആ റൂമിനെ മറക്കാൻ വയ്യ. ഒരുപാട് സുന്ദരമായ ഓർമകൾ ആ റൂമിനെ ചുറ്റിപ്പറ്റി നിൽക്കുന്നു.  ഇപ്പോഴും നാട്ടിലെ വീടിനെപോലെ, ആ വഴി കടന്നുപോകുമ്പോൾ ഒട്ടൊരു ഔത്സുക്യത്തോടെ ഞാനതിനെ എത്തിനോക്കുന്നു. ആദ്യമായി ഗർഭിണിയായത്, ഗർഭത്തിന്റെ ആലസ്യങ്ങൾ എല്ലാം അവിടെ വെച്ചായിരുന്നു.

എപ്പോഴും നിറഞ്ഞ സന്തോഷത്തോടെ ഓർക്കാറുള്ള ഒരു സൗദി വനിത കൂട്ടുകാരിയായി അവിടെ എനിക്കുണ്ട്. ജിദ്ദയിലെത്തിയതിനുശേഷം മാസങ്ങൾ കഴിഞ്ഞാണ് അവരെ പരിചയപ്പെട്ടത്. എന്റെ ഭർത്താവും അവരുടെ ഭർത്താവും പുറത്തുനിന്ന് കാണുമ്പോൾ സലാം ചൊല്ലലും കൈഫ ഹാലക് ചോദിക്കലും ഉണ്ടെങ്കിലും ഞങ്ങൾ തമ്മിൽ പരിചയപ്പെട്ടത് പിന്നീടാണ്. ഒരു ദിവസം അപ്രതീക്ഷിതമായി വാതിൽ മുട്ടുന്നത് കേട്ട് തുറക്കണോ വേണ്ടയോ എന്ന് ശങ്കിച്ച് അൽപസമയം നിന്ന ശേഷം ഞാൻ വാതിൽ തുറന്നു. അവൾ, എന്റെ പ്രിയ കൂട്ടുകാരി അമനും രണ്ട് കൂട്ടുകാരികളുമാണ്. രണ്ട് ഇന്തോനേഷ്യൻ ഖദ്ദാമുകളുമായാണ് അമൻ വന്നത്. എന്ത് പറയണം, എങ്ങനെ തുടങ്ങണം എന്നറിയാത്ത അവസ്ഥ. ഇംഗ്ലീഷ് അവർക്കും അറബി എനിക്കും അറിയാത്തതിനാൽ ഇന്റർനാഷനൽ ലാംഗ്വേജ് ആയ  ആംഗ്യങ്ങളായിരുന്നു ഞങ്ങളെ സഹായിച്ചത്.

അതിനുശേഷം എത്രയോ തവണ ഭക്ഷണവും വസ്ത്രവും ആയി അവൾ ഒരു വിളിപ്പാടകലെ ഉണ്ടായിരുന്നു. ഗ്യാസ് തീരുമ്പോഴെല്ലാം അവൾ സഹായിച്ചു. ഗ്യാസ് മുകളിലേക്ക് കയറ്റാൻ വയ്യെങ്കിൽ, മലയാളിയുടെ മത്സ്യമണത്തെ തന്റെ അടുക്കളയിൽ സ്വാഗതം ചെയ്യാൻ അവൾ മടിച്ചില്ല. വീട്ടിൽ വരുന്ന അതിഥിയെ അവൾ എനിക്കു പരിചയപ്പെടുത്തി. അവർ കൊണ്ടുവരുന്നതിൽ ഒരു പങ്ക് എനിക്ക് മാറ്റിവെച്ചു. പകരം ഞാനവൾക്ക് എന്റെ കൈകൊണ്ടുണ്ടാക്കിയ ബിരിയാണിയും പൂരിയും ദോശയും നൽകി. ആദ്യമായി ഗർഭം ധരിച്ചപ്പോൾ എല്ലാ അറിവില്ലായ്മയിലും ഒരു സഹോദരിയെ പോലെ എന്റെ കൂടെനിന്നു. മോൾക്ക് ആദ്യമായി ഉടുപ്പുകൾ സമ്മാനിച്ചതും അവൾ തന്നെ. അതും ഡസൻ കണക്കിന്. പുതിയ വീടുവെച്ച് സുലൈമാനിയയിലേക്ക് അവൾ മാറുന്നതുവരെ ആ ബന്ധം തുടർന്നു. പിന്നീട് അവരുടെ താമസസ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോയി അവൾ നൽകിയ വിരുന്ന് സൽക്കാരപ്രിയരെന്ന് മേനിനടിക്കുന്ന മലയാളികളെ പോലും അമ്പരപ്പിക്കുന്നതായിരുന്നു. അതിനുശേഷം ഒരുപാട് സൗദി വനിതകളെ കണ്ടെങ്കിലും അവൾ മാത്രം മനസ്സിൽ തങ്ങിനിൽക്കുന്നു.

ഇപ്പോഴത്തേതുപോലുള്ള ആശയവിനിമയ സംവിധാനങ്ങൾ ഒന്നും ഇല്ലാതിരുന്ന കാലത്ത് ഈ കൂട്ടുകാരി പകർന്നുനൽകിയ സൗഹൃദം വിലമതിക്കാനാവാത്തതാണ്. മലപ്പുറം ജില്ലയിലെ ഒരു കുഗ്രാമത്തിൽ നിന്ന് പുറപ്പെട്ട് വേണ്ടത്ര ബന്ധുമിത്രാദികളില്ലാത്ത ജിദ്ദയിൽ കഴിഞ്ഞുകൂടിയ നാളുകളിൽ ഇവൾ പകർന്നുതന്നത് ഒരു കൂടപ്പിറപ്പിനോടുള്ള സ്നേഹബന്ധങ്ങൾ തന്നെയാണ്. ഭർത്താവ് ജോലിക്കുപോയാൽ ഒറ്റപ്പെടുന്ന സമയങ്ങളിൽ  ഈ സുഹൃത്തിനായ് അവൾ വാതിലുകൾ തുറന്നിടും. ഞങ്ങൾ എങ്ങനെയാണ് സൗഹൃദം പങ്കുവെച്ചിരുന്നതെന്ന് ആലോചിച്ച് ഇപ്പോഴും ഞാൻ അത്ഭുതം കൂറും.

കാലത്തിന്റെ അനിവാര്യമായ മാറ്റത്തിൽ രണ്ടുപേരും രണ്ടിടങ്ങളിലായിപ്പോയെങ്കിലും വിളിക്കുമ്പോഴൊക്കെ, നിന്നെപ്പറ്റി എപ്പോഴും ഞാനും ഭർത്താവും സംസാരിക്കും എന്ന അവളുടെ വാക്കുകൾ എന്നെ കുറച്ചൊന്നുമല്ല സന്തോഷിപ്പിക്കാറ്. ഇതിനുശേഷം കാലങ്ങൾ മാറിമാറിമറിഞ്ഞ് ഞാൻ മറ്റൊരു നാട്ടിലെത്തി. ഇവിടെയും എനിക്കെന്റെ നാടുപോലെ തന്നെ. എന്റെ ചുറ്റുവട്ടത്തുള്ളവരെല്ലാം എന്റെ അയൽക്കാർ. എനിക്കവരെല്ലാം പരിചിതർ. ഏത് രാത്രിയിലും പുറത്തിറങ്ങി നടക്കാൻ ഒരു ഭയവും വേണ്ട. നാട്ടിൽ നിന്നകലെയാണെന്ന തോന്നലേ ഇല്ല. ഒരു കണ്ണുരുട്ടലിൽ ഒതുക്കി നിർത്തപ്പെടുന്ന സൗദി കുട്ടികളും എനിക്ക് പ്രിയപ്പെട്ടവർ തന്നെ. പിന്നെ ഞാനെന്തിന് ഈ നാടിനെ മറ്റൊന്നായി കാണണം? എന്നാലും ഇപ്പോഴും നാട്ടിൽ ചെന്നിറങ്ങുമ്പോൾ, പച്ചപ്പിന്റെ മേലൊപ്പ് കാണുമ്പോൾ അറിയാതെ സന്തോഷം കൊണ്ടെന്റെ ഹൃദയം തുടിക്കുന്നു. തിരിച്ച് സൗദിയിൽ എത്തുമ്പോൾ എന്തുകൊണ്ടോ എന്റെ ഹൃദയം വിങ്ങുന്നു. ഇതായിരിക്കാം ഗൃഹാതുരത്വം എന്നുപറയുന്നത്.

ഇതിനിടയിൽ മലയാളി മാനേജ്മെന്റിനു കീഴിലുള്ള സ്കൂളിൽ ജോലിചെയ്യാനുള്ള ഭാഗ്യവും എനിക്ക് കിട്ടി. അവിടെയും മനസ്സിൽ ഇടം തേടിയ ഒരുപാട് സ്ത്രീകൾ ഉണ്ട്. ഞങ്ങളുടെ പ്രിൻസിപ്പലായിരുന്ന ബിന്ദുമാമിനെ പരാമർശിക്കാതെ വയ്യ. എല്ലാ കാര്യത്തിനും കണ്ണുള്ള, എല്ലാവർക്കും കൂട്ടായി മാറുന്ന, അത്യുത്സാഹിയായ, നമുക്ക് എന്ത് അഭിപ്രായവും ചോദിക്കാവുന്ന- അങ്ങനെ ഒരുപാട് വിശേഷണങ്ങൾ ഉള്ള ഒരാളായിരുന്നു അവർ. അധ്യാപനത്തിന്റെ മഹത്വമറിയുന്ന എന്റെ പ്രിയപ്പെട്ട കൂട്ടുകാരായ അധ്യാപികമാർ, ഇവരിൽ നിന്നും എനിക്ക് പകർന്നു കിട്ടിയ സൗഹൃദങ്ങൾ എന്റെ അതിരുകൾ മായ്ച്ചിരിക്കുന്നു. പാകിസ്ഥാനികളും കാശ്മീരികളും മഹാരാഷ്ട്രക്കാരും മധ്യപ്രദേശുകാരും തമിഴ്മക്കളും എല്ലാം എനിക്ക് പ്രിയപ്പെട്ടവർ തന്നെ. കേരളത്തിന്റെ ഓരോ മുക്കുമൂലയിൽ നിന്നും വരുന്നവർ എന്റെ സ്വന്തക്കാരാകുന്നു. ഒരുപാടൊരുപാട് സൗഹൃദങ്ങൾ, മക്കയും മദീനയും കയ്യെത്തും ദൂരത്ത്. പിന്നെ പ്രവാസത്തിനെ ഞാനെന്തിന് വേദനയായി കരുതണം?